"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-ഡി ജി ഇ/15133/2023(1)-എച്ച് 2-Part(1)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 30-11-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സഹായിതം-സംസ്ഥാനത്തെ എയ്ഡഡ് ഹൈ സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ആവശ്യമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-
1. 28/11/2024 ലെ ജെ ആർ 1/336/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്
2. റിട്ട് പെറ്റിഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന പുറപ്പെടുവിച്ച വിധിന്യായം.
3. .25-06-2022 ലെ സ.ഉ. (കൈ) 111/2022/പൊ.വി.വ നമ്പർ ഉത്തരവ്
4. 24/03/2023 ലെ സ.ഉ.(കൈ) 29/2023/പൊ.വി.വ നമ്പർ ഉത്തരവ്.
5. 01.11.2023 24.01.2024 തീയതികളിലെ ജെ. ആർ1/502/2023/ പൊ.വി.വ നമ്പർ സർക്കാർ കത്തുകൾ.
6. 03.04.2024 തീയതിയിലെ ജെ. ആർ1/562/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
7. 11.04.2024 തീയതിയിലെ ജെ.ആർ1/17/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്.
8. 29.04.2024 തീയതിയിലെ ജെ.ആർ1/129/2023/പൊ.വി.വ നമ്പർ സർക്കാർകത്ത്
9. 03.05.2024 തീയതിയിലെ ജെ.ആർ1/147/2023/പൊ. വി.വ നമ്പർ സർക്കാർ കത്ത്.
10. 10.09.2024 തീയതിയിലെ ജെ.ആർ 1/304/2024/പൊ.വി.വ നമ്പർ സർക്കാർ പരിപത്രം.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതു സംബന്ധിച്ചും ജീവനക്കാരുടെ നിയമനാംഗീകാരം സംബന്ധിച്ചും ഉള്ള വിവിധ വിഷയങ്ങളിൽ സൂചന 3, 4 സർക്കാർ ഉത്തരവുകളും സൂചന 5 മുതൽ 9 വരെയുള്ള കത്തുകളും പ്രകാരം സർക്കാർ പൊതു നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി പരാമർശം (1) സർക്കാർ കത്ത്

പ്രകാരം ആവശ്യമായ പൊതു നിർദേശങ്ങൾ കൂടി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട പ്രൊവിഷണലായി ശമ്പള സ്കെയിലിൽ അംഗികാരം നൽകിയ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് PEN അനുവദിക്കാനും അർഹമായ PF അക്കൗണ്ട് തുടങ്ങാനും അനുമതി സർക്കാർ നൽകിയിട്ടുണ്ട്. മേൽ ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗത്വം എടുക്കുന്നതിനുള്ള അനുമതി കൂടി നൽകുന്നു. ടി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ, ഭിന്നശേഷി സംവരണത്തിന്റെ ഭാഗമായി പ്രൊവിഷണൽ അംഗീകാരം നേടിയ ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗത്വം ഉറപ്പാക്കേണ്ടതാണ്.

2) സർക്കാർ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയമിച്ച എയ്ഡഡ് സ്കൂളുകളിലെ മറ്റു നിയമനങ്ങൾ റഗുലറായി ക്രമീകരിക്കുന്നതിനുള്ള നടപടികൾ കാലതാമസമില്ലാതെ പൂർത്തിയാക്കുവാൻ എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും കർശന നിർദേശം നൽകുന്നു. ആയതിൽ വീഴ്ച വരുത്തുന്നത് കൃത്യവിലോപമായി കണക്കിടുന്നതാണ്.

3) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനങ്ങൾ നടത്തുന്നത് വരെ 08/11/2021 തീയതിയ്ക്ക് ശേഷമുള്ള മറ്റ് നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമെ നടത്തുവാൻ പാടുള്ളൂ എന്നതിനാൽ മാനേജർമാർ നിയമന ഉത്തരവ് ദിവസവേതനാടിസ്ഥാനത്തിൽ തന്നെ നൽകുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്. ബഹു.ഹൈക്കോടതി വിധിന്യായങ്ങൾക്ക് വിരുദ്ധമായി ദിവസവേതനാടിസ്ഥാനത്തിൽ അല്ലാതെ സമർപ്പിക്കുന്ന നിയമന ഉത്തരവുകൾ മടക്കി നല്കേണ്ടതും പകരം പ്രസ്തുത നിയമന ഉത്തരവുകൾ ദിവസവേതനത്തിൽ സമർപ്പിക്കുമ്പോൾ, മറ്റ് വിധത്തിൽ അർഹതയുള്ള പക്ഷം, അപ്പലേറ്റ് ഉത്തരവുകൾക്ക് കാത്തു നിൽക്കാതെ അംഗീകരിച്ചു നൽകേണ്ടതുമാണ്.

4) പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതത് മാനേജ്മെന്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ, സീനിയോറിറ്റി അനുസരിച്ച് പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാകുന്നതെങ്കിൽ അവർക്ക് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും ടി തസ്തികയിലെ ശമ്പളവും അനുവദിക്കാനും പരിണിത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഒഴിവ് വരുന്ന തീയതി പരിഗണിച്ച് പ്രൊവിഷണലായോ, ദിവസവേതനത്തിലോ, ഏതാണോ ബാധകമാകുന്നത്, അപ്രകാരവും നിയമനാംഗീകാരം നൽകാനും എല്ലാ വിദ്യാഭ്യാസ അധികാരികൾക്കും അനുമതി നൽകുന്നു. ഈ വിഷയത്തിൽ ഇതിനോടകം നിരസിക്കപ്പെട്ടതോ, അപ്പീൽ പരിഗണനയിൽ ഉള്ളതോ ആയ എല്ലാ കേസുകളും അപ്പലേറ്റ് ഉത്തരവിന് കാത്തിരിക്കാതെ പുന:പ്പരിശോധിച്ച് അർഹമായ തീർപ്പ് നൽകേണ്ടതാണ്.

Signed by
Shanavas S
Date: 30-11-2024 15:27:46
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

(1) എല്ലാ ഹയർ സെക്കണ്ടറി ആർ.ഡി.ഡി മാരും

(2) എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഏ.ഡി. മാരും

(3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

പകർപ്പ്:

1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങൾ (അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)
2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)
3. സൂപ്രണ്ട്, എ, ഇ, എഫ് ജി, ഇ.സി, ഇ.എം, ഇ. റ്റി, ആർ.എ, എം, എൻ.എസ് സെക്ഷനുകൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം (അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു)
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)